പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4765 28.6.2013 ൽ മറുപടിയ്ക്ക്

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കേരളത്തിൽ ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ എണ്ണം എത്രയാണ്; | (എ) ഇതു സംബന്ധിച്ച കണക്കുകളൊന്നും ശേഖരിച്ചിട്ടില്ല. |
| (ബി) ഇവർക്കുവേണ്ടി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദീകരിക്കുമോ; | (ബി) ശാരീരികവും മാനസികവും ആയ വെല്ലുവിളികൾ നേരിടുന്നവരുടെ പകൽ പരിപാലനത്തിനായി കുടുംബശ്രീയുടെ മേൽനോട്ടത്തിൽ നിലവിൽ 54 ബഡ്സ് സ്കൂളുകൾ വിവിധ ജില്ലകളിലായി നടന്നു വരുന്നു. കുട്ടികൾക്ക് കൌൺസിലിംഗും സ്കൂളുകൾക്ക് സ്കൂൾ ബസ്സുകളും ലഭ്യമാക്കിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി ആക്ട് പ്രകാരം ഡി.പി.ഐ യിൽ നിന്നും അംഗീകാരം ലഭിച്ച സ്കൂളുകൾ മാത്രമാണ് കുടുംബശ്രീയുടെ മേൽനോട്ടത്തിൽ ബഡ്സ് സ്കൂളുകളായി പ്രവർത്തിച്ചുവരുന്നത്. കൂടാതെ വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭത്തിന്റെ ഭാഗമായി ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി CIMR എന്ന സ്ഥാപനം വികസിപ്പിച്ചെടുത്ത പ്രത്യേക പാഠ്യപദ്ധതി, അംഗൻവാടി വർക്കർമാർ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ 30 പഞ്ചായത്തുകളിലെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആറ് മാസത്തെ പരിശീലനമാണ് നൽകുന്നത്. ഓരോ പഞ്ചായത്തിൽ നിന്നും യാതൊരുവിധ പരിശീലനവും ലഭിക്കാത്ത 6 നും 12 നും ഇടയിലുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച 7 കുട്ടികളെ വീതം 210 കുട്ടികളെയാണ് ഈ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. ഇതിനായി അംഗൻവാടി ടീച്ചർമാർക്ക് ആദ്യ ഘട്ട പരിശീലനം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകളും സ്പെഷ്യൽ സ്കൂളുകളും ഉണ്ട്; ഇവയുടെ പ്രവർത്തന രീതിയും സജ്ജമാക്കിയിട്ടുള്ള സംവിധാനങ്ങളും എന്തൊക്കെയാണ്; | (സി) |
| | വിവരം ശേഖരിച്ചുനൽകുന്നതാണ്. |
| (ഡി) ഇത്തരം സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്താനും നിരീക്ഷിക്കാനും സാമൂഹ്യക്ഷേമ വകുപ്പിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്? | (ഡി) |

R. Vijayesh

സെക്ഷൻ ഓഫീസർ